# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പരമ്പരാഗത രീതികൾ പരാജയപ്പെടുന്നിടത്ത് നൂതനാശയങ്ങൾക്ക് പരിഹാരം നൽകാൻ കഴിയുമെന്ന് പാരീസിൽ നടക്കുന്ന വിവാടെക് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi asserts at the VivaTech Summit in Paris that innovation provides solutions where conventional approaches fall short.

2. പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ രണ്ടായിരത്തി നാനൂറ് കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

   PM to disburse incentives worth 2,400 crore rupees under the Pradhan Mantri Viksit Bharat Rozgar Yojana in New Delhi tomorrow.

3. കേരളത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് അവതരണം നാളെ.

   In Kerala, the newly formed UDF Government led by CM V. D. Satheesan all set to present its maiden budget tomorrow.

4. കള്ളപ്പണം വെളുപ്പിക്കൽ, അവയവക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് കൊച്ചിയിൽ വിവിധ കേന്ദ്രങ്ങളിൽ പരിശോധന നടത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്.

   Enforcement Directorate conducts extensive searches at multiple locations in Kochi over money laundering and human organ trafficking.

5. പതിനഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ച് യുഎഇ.

   The UAE imposes a sweeping ban on the use of social media platforms for children under fifteen.

6. ലോകകപ്പ് ഫുട്ബാളിൽ ചെക്ക് റിപ്പബ്ലിക്, ദക്ഷിണാഫ്രിക്കയെയും, സ്വിറ്റ്സെർലാന്റ്, ബോസ്നിയ - ഹെർസെഗോവിനയെയും നേരിടും.

   In the FIFA World Cup, Czech Republic will lock horns with South Africa, while Switzerland take on Bosnia – Herzegovina tonight.

************************

## DAY PREZ-MP-ODISHA VISIT

പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നതിനെക്കുറിച്ച് ഗോത്ര സമൂഹങ്ങളിൽ നിന്ന് പഠിക്കാൻ സമൂഹത്തിന് കഴിയണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

മധ്യപ്രദേശിലെ ബേതൂലിൽ ആദിവാസി സമൂഹങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സാമൂഹിക ഉത്തരവാദിത്തബോധത്തോടെ ഒരു വ്യക്തി, തന്റെ പ്രവർത്തന മേഖലയിൽ സജീവമാകുമ്പോഴാണ് യഥാർത്ഥ ശാക്തീകരണം സംഭവിക്കുന്നത് എന്ന് ശ്രീമതി മുർമു പറഞ്ഞു .

**********************

## REV. PM PARIS VISIT (INTRO)

പരമ്പരാഗത രീതികൾ പരാജയപ്പെടുന്നിടത്ത് നൂതനാശയങ്ങൾക്ക് പരിഹാരം നൽകാൻ കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാരീസിൽ നടക്കുന്ന വിവാടെക് 2026 ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ പേയ്മെന്റുകൾ, സാമ്പത്തിക ഉൾപ്പെടുത്തൽ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, കൃഷി തുടങ്ങിയ മേഖലകളിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇന്ത്യ കൈവരിച്ച ദ്രുതഗതിയിലുള്ള മാറ്റങ്ങളെ പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ബഹിരാകാശ സാങ്കേതികവിദ്യയിലും ആണവോർജ്ജത്തിലും കൈവരിച്ച നേട്ടങ്ങളിലൂടെ മനുഷ്യന്റെ കഴിവുകളുടെ അതിരുകൾ ഇന്ത്യ വ്യാപിപ്പിക്കുകയാണെന്ന് ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

പാരീസിലെ ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും.

**********************

## PRADHAN- NEET REVIEW MEETING

ഈ മാസം 21 നടക്കുന്ന നീറ്റ്-യുജി പുനഃപരീക്ഷ സ്വതന്ത്രവും നീതിയുക്തവുമായ രീതിയിൽ നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഉറപ്പാക്കിയതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ . പരീക്ഷ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഇന്ന് ഉന്നതതല അവലോകന യോഗം ചേർന്നു . പരീക്ഷാ പ്രക്രിയയിൽ സമഗ്രത, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പാക്കുമെന്നും യോഗത്തിൽ കേന്ദ്രമന്ത്രി വ്യക്തമാക്കി . എൻ ടി എ ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ സംസ്ഥാനങ്ങളിലുടനീളം വിന്യസിക്കുമെന്ന് ശ്രീ പ്രധാൻ പറഞ്ഞു.

**********************

## NTA- MESSAGE

നീറ്റ് യു.ജി പരീക്ഷയ്ക്ക് മൂന്ന് ദിവസം മാത്രം ബാക്കിനിൽക്കെ, വിദ്യാർത്ഥികൾ ശാന്തരായിരിക്കണമെന്നും തങ്ങളുടെ തയ്യാറെടുപ്പുകളിൽ വിശ്വാസമർപ്പിക്കണമെന്നും നാഷണൽ ടെസ്റ്റിംഗ് ഏജൻസി. വിദ്യാർത്ഥികൾക്ക് മാനസികാരോഗ്യ പിന്തുണയ്ക്കായി 14416 എന്ന നമ്പറിൽ 'മാനസ്' ഹെൽപ്പ്ലൈൻ ലഭ്യമാണ്. പരീക്ഷയിൽ ക്രമക്കേടുകൾ നടത്താനുള്ള ഏത് ശ്രമത്തെയും കർശനമായി നേരിടുമെന്ന് എൻ.ടി.എ വ്യക്തമാക്കി.

**********************

## PM-MANDAVIYA ARTICLE

കഴിഞ്ഞ 12 വർഷത്തെ ഇന്ത്യയുടെ മാറ്റത്തിന്റെ ചരിത്രം എന്നത് രാജ്യത്തെ യുവാക്കളുടെ കൂടി ചരിത്രമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ എഴുതിയ ലേഖനം സമൂഹമാധ്യമത്തിൽ പങ്കുവെച്ചുകൊണ്ടാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ, നൈപുണ്യ വികസനം, നൂതനാശയങ്ങൾ, സംരംഭകത്വം എന്നിവയിലുണ്ടായ അഭൂതപൂർവ്വമായ നിക്ഷേപങ്ങൾ അമൃത തലമുറയ്ക്ക് തങ്ങളുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കാൻ അവസരമൊരുക്കിയതായി പ്രധാനമന്ത്രി പറഞ്ഞു.

**********************

## PM- KISAN WB VISIT

പി എം കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 23-ാമത് ഗഡു ശനിയാഴ്ച പശ്ചിമ ബംഗാളിലെ ഹൂഗ്ലി ജില്ലയിലുള്ള താരകേശ്വറിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള 9.44 കോടിയിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,880 കോടിയിലധികം രൂപ നേരിട്ട് കൈമാറുമെന്ന് കൃഷി കർഷക ക്ഷേമ മന്ത്രാലയം അറിയിച്ചു.

**********************

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയ സഹമന്ത്രി എൽ. മുരുഗൻ ഇന്ന് ചെന്നൈ ആകാശവാണിയിൽ നടന്ന ചടങ്ങിൽ പത്മശ്രീ പുരസ്കാര ജേതാവ് ഡോ. ആർ. ശ്രീധറിനെ ആദരിച്ചു. പ്രക്ഷേപണ രംഗത്തും സയൻസ് കമ്മ്യൂണിക്കേഷൻ മേഖലയിലും അദ്ദേഹം നൽകിയ സംഭാവനകളെ മുൻനിർത്തിയായിരുന്നു ആദരിക്കൽ. ചടങ്ങിൽ സംസാരിച്ച ആകാശവാണി-ദൂരദർശൻ ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയിൻ, ഡോ. ആർ. ശ്രീധറിനെ ഇന്ത്യൻ പ്രക്ഷേപണ രംഗത്തെ സവിശേഷ വ്യക്തിത്വമെന്ന് വിശേഷിപ്പിച്ചു.

***********************

## KERALA–BUDGET

കേരളത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് നാളെ. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് ധനവകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി നിയമസഭയിൽ അവതരിപ്പിക്കും. ഈ മാസം 22 മുതൽ സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടക്കും. അതെസമയം, സംസ്ഥാനത്തെ പകർച്ച വ്യാധി വ്യാപനത്തെ കുറിച്ച് നാളെ നിയമസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുമെന്ന് ബിജെപി അംഗം ബി. ബി.ഗോപകുമാർ അറിയിച്ചു.

***********************

## CENSUS – KERALA

കേരളത്തിൽ സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമനേഷൻ കാലയളവിൽ

പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം.

***********************

## SABARIMALA – HIGHCOURT

ശബരിമല സ്വർണാപഹരണ കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചു.കേസിന്റെ അന്വേഷണ ചുമതലയുള്ള എസ്. ശശിധരൻ നേരിട്ട് എത്തി മുദ്ര വെച്ച കവറിലാണ് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചത്.കേസിൽ കൂടുതൽ അന്വേഷണം തുടരുകയാണെന്ന് സംഘം അറിയിച്ചു.

***********************

## ED SEARCHES– KOCHI

കള്ളപ്പണം വെളുപ്പിക്കൽ, അവയവക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് കൊച്ചിയിലെ പത്ത് കേന്ദ്രങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന നടത്തുന്നു. കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും ചില പ്രമുഖ ആശുപത്രികളും ഇ.ഡി പരിശോധന നടത്തുന്നുണ്ട്. അവയവക്കടത്തുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന സാമ്പത്തിക ഇടപാടുകൾ, സംശയാസ്പദമായ ബാങ്ക് അക്കൗണ്ടുകൾ, ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന ശൃംഖലകൾ എന്നിവയെക്കുറിച്ച് അന്വേഷിച്ചു വരികയാണെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. അതേസമയം സിഎംആർഎൽ-എക്സാലോജിക് പണമിടപാട് കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ മകളും എക്സാലോജിക് മേധാവിയുമായ ടി. വീണയെ ഇ ഡി വീണ്ടും ചോദ്യം ചെയ്യും. ഇതിനായി വീണ്ടും സമൻസ് അയക്കും. കൃത്യമായ രേഖകൾ ഹാജരാക്കാത്തതും മറുപടികൾ തൃപ്തികരം അല്ലാത്തതുമാണ് ഇ ഡി നീക്കത്തിനു പിന്നിൽ.

***********************

## PM-VBRY (INTRO)

പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ രണ്ടായിരത്തി നാനൂറ് കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

വിശദാംശങ്ങളിലേക്ക്.....

(ഹോൾഡ്-വോയ്സ്)

*കഴിഞ്ഞ വർഷം ഓഗസ്റ്റ് മുതൽ ഇതുവരെ 63 ലക്ഷത്തിലധികം ജീവനക്കാരെ പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജന യിലൂടെ ഔദ്യോഗിക തൊഴിൽ മേഖലയുടെ ഭാഗമാക്കാൻ സാധിച്ചതായി കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇതിൽ 30 ശതമാനത്തോളം പേർ സ്ത്രീകളാണ്. പദ്ധതിയുടെ ആനുകൂല്യം ലഭിച്ച സ്ഥാപനങ്ങളിൽ 80 ശതമാനത്തിലധികവും 25-ൽ താഴെ തൊഴിലാളികളുള്ള ചെറുകിട സംരംഭങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി. നാളത്തെ ചടങ്ങിൽ 15 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ആനുകൂല്യങ്ങൾ നേരിട്ട് കൈമാറുമെന്നും അദ്ദേഹം അറിയിച്ചു. ദേശീയ തല പരിപാടിയുടെ ഭാഗമായി എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പാളയത്ത് കേരള സർവകലാശാല സെനറ്റ് ഹാളിൽ വൈകിട്ട് 4.30 ന് നടക്കുന്ന പരിപാടിയിൽ തിരുവനന്തപുരം നഗരസഭ മേയർ വി. വി. രാജേഷ്, എം എൽ എ മാരായ രാജീവ് ചന്ദ്രശേഖർ, വി. മുരളീധരൻ, തുടങ്ങിയവർ പങ്കെടുക്കും. കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും EPFO യുടെ ആഭിമുഖ്യത്തിൽ പരിപാടികൾ സംഘടിപ്പിക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

**********************

## Kerala -RAIN

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച്

ജാഗ്രതയാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശവമുണ്ട്.

**********************

## UAE social media

പതിനഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ച് യുഎഇ.

സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 15 വയസ്സായി നിജപ്പെടുത്തുന്ന പുതിയ നിയന്ത്രണത്തിന് യുഎഇ മന്ത്രിസഭ അംഗീകാരം നൽകി. കുട്ടികൾക്ക് സമൂഹമാധ്യമ അക്കൗണ്ടുകൾ ആരംഭിക്കാനോ പ്രവർത്തിപ്പിക്കാനോ അനുമതിയുണ്ടായിരിക്കില്ല. ഡിജിറ്റൽ മേഖലയിൽ കുട്ടികളുടെ സംരക്ഷണം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

**********************

## WORLD CUP- FOOTBALL

ലോകകപ്പ് ഫുട്ബാളിൽ ഇന്ന് രാത്രി ഇന്ത്യൻ സമയം 9.30 ന് നടക്കുന്ന ഗ്രൂപ് എ പോരാട്ടത്തിൽ ചെക് റിപ്പബ്ലിക് , ദക്ഷിണാഫ്രിക്കയെ നേരിടും. രാത്രി 12.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ സ്വിറ്റ്സെർലാന്റ് , ബോസ്നിയ - ഹെർസെഗോവിനയെ നേരിടും.

**********************

*************

**********